# നായർ സർവീസ് സൊസൈറ്റിയും മാതൃഭൂമിദിനപത്രവും

സമുദായാചാര്യൻ മന്നത്തു പത്മനാഭനും മാതൃഭൂമി ദിനപത്രത്തിന്റെ സ്ഥാപകനേതാവും സ്വാതന്ത്ര്യസമരസേനാനിയുമായിരുന്ന കെ.പി. കേശവമേനോനും എൻ.എസ്.എസ്സിന്റെ ആദ്യപ്രസിഡന്റും മാതൃഭൂമിയുടെ സ്ഥാപകനേതാക്കളിലൊരാളും ആയിരുന്ന കെ. കേളപ്പനും ഉൾപ്പെടെയുള്ളവർ ഒരേമനസ്സോടെ നിർവഹിച്ച മാതൃകാപരമായ പ്രവർത്തനങ്ങൾ കേരളചരിത്രത്തിൽ ഇന്നും സ്മരണീയമാണ്.

നായർ സർവീസ് സൊസൈറ്റിയും മാതൃഭൂമി ദിനപത്രവും ആയുള്ള ബന്ധത്തിന് ഇടയ്ക്കൊക്കെ ചെറിയ തോതിൽ ഉലച്ചിൽ സംഭവിച്ചിട്ടുണ്ടെങ്കിലും, 'ഐക്യത്തിന് എല്ലാ പ്രശ്നങ്ങളും പരിഹരിക്കാൻ കഴിയും, അത് സംതൃപ്തിദായകമായ ഭാവിക്ക് ഇടയാക്കും' എന്നുള്ള മന്നത്തു പത്മനാഭന്റെ വാക്കുകളിൽ ഉറച്ചുനിന്നുകൊണ്ട് നായർ സർവീസ് സൊസൈറ്റിയും മാതൃഭൂമിയും, ആ ബന്ധത്തിന് വിള്ളലേല്ക്കാതെ എന്നും സൂക്ഷിച്ചുപോരുകയായിരുന്നു.

അങ്ങനെയിരിക്കെയാണ് മാതൃഭൂമി ആഴ്ചപ്പതിപ്പിൽ കഴിഞ്ഞവർഷം ജൂലൈയിൽ പ്രസിദ്ധീകരിച്ച 'മീശ' എന്ന നോവലിൽ ക്ഷേത്രസംസ്കാരത്തെയും വിശ്വാസികളായ സ്ത്രീകളുടെ അന്തസ്സിനെയും അധിക്ഷേപിക്കുന്ന തരത്തിൽ വന്ന പരാമർശവും, ആവിഷ്കാരസ്വാതന്ത്ര്യത്തിന്റെ പേരിൽ അതിനെ ന്യായീകരിച്ചുകൊണ്ടുള്ള മാതൃഭൂമി ദിനപത്രത്തിന്റെ വിശദീകരണവും ഉണ്ടായത്. അത് നമ്മെ ഏറെ വേദനിപ്പിച്ചിട്ടുള്ളതാണ്. ഇതിൽ പ്രതിഷേധങ്ങൾ ഉണ്ടായപ്പോൾ, തെറ്റ് തിരിച്ചറിഞ്ഞ് മാതൃഭൂമി പത്രത്തിലൂടെത്തന്നെ ഖേദം പ്രകടിപ്പിക്കാനെങ്കിലും അധികൃതർ തയ്യാറാകുമെന്ന് എൻ.എസ്.എസ്. നേതൃത്വം കരുതിയിരുന്നു. പക്ഷേ, അതുണ്ടായില്ല.

അങ്ങനെയുള്ള സാഹചര്യത്തിലാണ്, നോവലിലെയും ദിനപത്രത്തിന്റെയും പരാമർശങ്ങളിൽ വേദനിക്കുന്നവർ, പ്രതിഷേധസൂചകമായി, മാതൃഭൂമി ദിനപത്രം ബഹിഷ്ക്കരിക്കണമെന്ന് പറയേണ്ടിവന്നത്. അതിനുശേഷം, കഴിഞ്ഞ ഒരുവർഷത്തിനിടയിൽ പ്രശ്നം പരിഹരിക്കാൻ പല തലങ്ങളിൽ ചർച്ചകൾ നടന്നെങ്കിലും അതൊന്നും ഫലം കണ്ടില്ല.

അതിന്റെ തുടർച്ചയായാണ് മാതൃഭൂമിയുടെ ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ എം.പി. വീരേന്ദ്രകുമാർ എൻ.എസ്.എസ്. ആസ്ഥാനത്തുവന്ന് ചർച്ച നടത്തുകയുണ്ടായത്. അതിനുശേഷം, മാതൃഭൂമി ആഴ്ചപ്പതിപ്പുപത്രാധിപരടക്കമുള്ളവർക്കെതിരെ നടപടി എടുത്തുകഴിഞ്ഞെന്നും അവരാരും ഇപ്പോൾ സർവീസിൽ ഇല്ലെന്നും, തങ്ങളുടെ പ്രസിദ്ധീകരണത്തിലെ പരാമർശം ആരെയെല്ലാം വേദനിപ്പിച്ചിട്ടുണ്ടോ അതെല്ലാം തിരിച്ചറിയുന്നു എന്നും, മേലിൽ അത്തരം സംഭവങ്ങൾ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കുമെന്നും അദ്ദേഹം രേഖാമൂലം അറിയിക്കുകയുണ്ടായി.

ഈ സാഹചര്യത്തിലാണ്, ആചാര്യന്റെ വാക്കുകൾ ഉയർത്തിപ്പിടിച്ചുകൊണ്ട്, മാതൃഭൂമിയുമായിട്ടുള്ള പഴയബന്ധം തുടരേണ്ടതാണെന്നും ദിനപത്രത്തിന്റെ ബഹിഷ്കരണം അവസാനിപ്പിക്കേണ്ടതാണെന്നും എൻ.എസ്.എസ്.പ്രവർത്തകരോട് എൻ.എസ്.എസ്. ആഹ്വാനം ചെയ്തത്.

മാതൃഭൂമി ദിനപത്രം ബഹിഷ്ക്കരിക്കണമെന്ന് പറഞ്ഞപ്പോഴും, ബഹിഷ്ക്കരണം പിൻവലിക്കണം എന്നു പറയുമ്പോഴും അതിന്റെ പിന്നിൽ ഏതെങ്കിലും മാധ്യമങ്ങളോട് കൂടുതൽ മമതയോ എതിർപ്പോ ഇല്ലെന്നുള്ള കാര്യം ഈ അവസരത്തിൽ എടുത്തുപറയാൻ ആഗ്രഹിക്കുന്നു.